(ബി) എങ്കിൽ ഇതിനായി കമ്മീഷനെ നിയമിച്ചിരുന്നോ; കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്മീഷൻ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ-സി) പ്രഖ്യാപിച്ചിരുന്നു. റിട്ട. ജസ്റ്റിസ് എം. ആർ. ഹരിഹരൻ നായർ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

മഹാത്മാ അയ്യൻകാളിയുടെ നാമധേയത്തിൽ ഒരു സർവ്വകലാശാല

240 (2520) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഹാത്മാ അയ്യൻകാളിയുടെ നാമധേയത്തിൽ ഒരു സർവ്വകലാശാല ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമെന്ന വാഗ്ദാനം എന്തുകൊണ്ടാണ് നടപ്പാക്കാൻ കഴിയാതിരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

മഹാത്മാ അയ്യൻകാളിയുടെ നാമധേയത്തിൽ ഒരു സർവ്വകലാശാല ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

ജാതിയുടെ പേരിലുള്ള വിവേചനം

241 (2521) ശ്രീ. കെ. രാധാകൃഷ്ണൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എ. കെ. ബാലൻ:
ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂരിൽ ദളിത് യുവതിയെ കൂട്ട ബലാത്സംഗം ചെയ്തുൾപ്പെടെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരായ വിവേചനത്തിന്റെയും പീഡനങ്ങളുടെയും റിപ്പോർട്ടുകൾ പുറത്ത് വന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly